# ആമുഖം

കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖല മുന്നേറ്റത്തിന്റെ പാതയിലാണുള്ളത് ഇന്നിന്റെ വെല്ലുവിളികളെ അതിജീവിക്കാനായാൽ മാത്രമേ മുന്നേറ്റത്തിന്റെ പാതയിലെത്തിച്ചേരാൻ നമ്മുടെ വിദ്യാലയത്തിന് സാധിക്കുകയുള്ളൂ.

വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യമായ നിറവേറ്റുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുക വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യ വികസനത്തോടൊപ്പം അക്കാദമിക ഗുണനിലവാരം പരമാവധി ഉയർത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള ലക്ഷ്യം. ഇതിനായി ചിട്ടയായി ആസൂത്രണം ചെയ്തതും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് ആവശ്യമാണ്.

## ലക്ഷ്യങ്ങൾ

### അക്കാദമികം

സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും.

സംഖ്യാബോധം ചതുഷ്ക്രിയകൾ എന്നിവ കുട്ടികളിൽ ഉറപ്പിക്കും.

മലയാളം ഇംഗ്ലീഷ് ഭാഷകൾ തെറ്റ് കൂടാതെ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.

കുട്ടികളിലെ സർഗപരവും അക്കാദമികവും ആയിട്ടുള്ള കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

### ഭൗതികം

സ്കൂളിന് സൗണ്ട് സിസ്റ്റം ലഭ്യമാക്കുക

ശിശുസൗഹൃദ ഇരിപ്പിടങ്ങൾ ലഭ്യമാക്കുക

ഒന്നാം തരം ഒന്നാന്തരമാക്കുക.

ഭാഷ

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
* ഓരോ ക്ലാസിനും അനുയോജ്യമായ ആശയവിനിമയ ശേഷി നേടി എന്നുറപ്പ് വരുത്തുക
* വായനാശീലം വളർത്തുക
* ഭാഷാശേഷി വികാസത്തിനായി ആധുനികസാങ്കേതിക വിദ്യാസാധ്യത പ്രയോജനപ്പെടുത്തുക
* സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക
* ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.

ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക

സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക

ക്ലാസ് തല വായന മൂലയിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
- പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

* ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക

ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായ് പ്രയോജനപ്പെടുത്തുക

യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

ഐ.സി.ടി

* വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക

* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക

* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

പ്രവൃത്തിപരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക

* പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

ആരോഗ്യ കായിക വിദ്യാഭ്യാസം

എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക

ആരോഗ്യ ശീലങ്ങൾ വളർത്തുക

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാക്കുക.

കലാപരിശീലനം

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക

കലാഭിരുചി വളർത്തുക

ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക